**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1700** **02-02-2024 - ൽ മറുപടിയ്ക്ക്**

**കൃഷിശ്രീ സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിൽ ഏതൊക്കെ ബ്ലോക്കുകളിലാണ് കൃഷിശ്രീ സെന്ററുകൾ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | പാലക്കാട് ജില്ലയിൽ ചിറ്റൂർ, ആലത്തൂർ, തൃത്താല, ഷൊർണ്ണൂർ എന്നീ ബ്ലോക്കുകളിലാണ് കൃഷിശ്രീ സെന്ററുകൾ അനുവദിച്ചിട്ടുള്ളത്. |
| (ബി) | ആലത്തൂർ മണ്ഡലത്തിലെ ഏതെങ്കിലും ബ്ലോക്കിൽ കൃഷിശ്രീ സെന്റർ അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. ആലത്തൂർ മണ്ഡലത്തിലെ ആലത്തൂർ ബ്ലോക്കിൽ കിഴക്കഞ്ചേരി കൃഷിഭവന് 2022-23 സാമ്പത്തിക വർഷത്തിൽ കൃഷിശ്രീ സെന്റർ അനുവദിച്ചിട്ടുണ്ട്. |
| (സി) | കൃഷിശ്രീ സെന്റർ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ? | (സി) | കൃഷിശ്രീ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള ഓഫീസിനായി കുറഞ്ഞത് 25 ചതുരശ്ര മീറ്റർ സ്ഥല സൗകര്യവും, യന്ത്രങ്ങൾ സൂക്ഷിക്കുന്നതിന് കുറഞ്ഞത് 200 ചതുരശ്ര മീറ്റർ സ്ഥല സൗകര്യവും നൽകാൻ തയ്യാറുള്ള ഏജൻസി/ബ്ലോക്ക് പഞ്ചായത്ത്/ ഗ്രാമപഞ്ചായത്തുകൾക്ക് കൃഷിശ്രീ സെന്റർ സ്ഥാപിക്കുന്നതിന് മുൻഗണന നൽകുന്നു. 2023-24 സാമ്പത്തിക വർഷം മുതൽ ഒരു ബ്ലോക്കിലെ സർവ്വീസ് സെക്ടറിൽ പ്രവർത്തിക്കുന്ന കൃഷിക്കൂട്ടങ്ങളിൽ നിന്നും തെരഞ്ഞെടുത്ത അംഗങ്ങളെ ഉൾപ്പെടുത്തിയാണ് കൃഷിശ്രീ സെന്റർ രൂപീകരിക്കുന്നത്. കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത സേവനമേഖലയിലെ കൃഷിക്കൂട്ടങ്ങളെ യാണ് കൃഷിശ്രീ സെന്റർ രൂപീകരിക്കുന്നതിനായി പരിഗണിക്കുന്നത്. |

സെക്ഷൻ ഓഫീസർ